
നടത്തറ ഗ്രാമപഞ്ചായത്ത്

കരട് ബജറ്റ് 2026 – 27
(Draft Budget)

28–02–2026


N



മഹാത്മാഗാന്ധി

സ്വയംഭരണ ഗ്രാമങ്ങളുടെ പിതാവ്

ബജറ്റ് 2026 – 27 ആമുഖപ്രസംഗം

ശ്രീ. ജോബി ജോസ് സി. (പ്രസിഡണ്ട്)

തൃശ്ശൂർ നഗരത്തിന്റെ കിഴക്കുഭാഗത്ത് 20.19 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന മലയോരഗ്രാമങ്ങളും നഗരവൽക്കൃത പ്രദേശങ്ങളും അടങ്ങുന്ന നടത്തറ ഗ്രാമപഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ മുഖ്യപങ്കു വഹിക്കുന്നത് കൃഷിയും അനുബന്ധ മേഖലകളുമാണ്. 2011-ലെ കാനേഷുമാരി കണക്കനുസരിച്ച് 32,000ത്തോളം വരുന്ന പഞ്ചായത്തിലെ ജനസംഖ്യയിൽ നല്ലൊരു പങ്കും കർഷകരും, കർഷക തൊഴിലാളികളുമാണ്. എങ്കിലും തൃശ്ശൂർ നഗരത്തോട് അടുത്തു കിടക്കുന്ന പഞ്ചായത്തായതിനാൽ നഗരവൽക്കരണം അതിവേഗം നടന്നുകൊണ്ടിരിക്കുന്നതോടൊപ്പം കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നു എന്ന ദുഃഖകരമായ സ്ഥിതിവിശേഷവും നിലനിൽക്കുന്നുണ്ട്. എന്നാൽ ജനകീയാസൂത്രണ പദ്ധതിയിൽ കാർഷികമേഖലയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ട് എല്ലാവർഷവും നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ കാർഷിക പ്രോജക്ടുകളിലൂടെ കാർഷിക മേഖലയ്ക്ക് വലിയ തോതിൽ ഉണർവ് ലഭിച്ചതോടൊപ്പം കാർഷികോൽപാദനവും വർധിച്ചിട്ടുണ്ട്. മികച്ച സേവനം നടത്തുന്ന ഒന്നിലധികം ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്ന പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയിലൂടെ മൃഗസംരക്ഷണ മേഖലയ്ക്കും ഉത്തേജനം പകർന്നു നൽകിയിട്ടുണ്ട്.

ജനസാന്ദ്രത കൂടിയ പ്രദേശമായതിനാൽ വൻകിട വ്യവസായങ്ങൾ അപ്രാപ്യമായ പഞ്ചായത്തിൽ കുടുംബശ്രീ സംവിധാനം ഫലപ്രദമായി പ്രയോജനപ്പെടുത്തി നിരവധി ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ഹരിതസമ്പത്ത് നിലനിർത്തുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന മണലിപ്പുഴയിൽ പുതുതായി നിർമ്മിച്ച പണ്ടാരച്ചിറ ചെക്ക് ഡാമും, നിർമ്മാണം അതിവേഗം പുരോഗമിക്കുന്ന കൈനൂർ ചിറ സ്ലൂയിസ് കം റെഗുലേറ്റർ ബ്രിഡ്ജും ജലസേചനത്തിനും ഒപ്പം കുടിവെള്ള ലഭ്യതയ്ക്കും ശ്രദ്ധേയമായ സംഭാവന നൽകുന്ന പദ്ധതികളാണ്. വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള മൂർക്കനിക്കര ഗവൺമെന്റ് യു.പി. സ്കൂളിന്റെയും, ആശാരിക്കാട് ഗവൺമെന്റ് യു.പി. സ്കൂളിന്റെയും പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെയും, ബഹു. റവന്യൂ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജന്റെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചും, വിദ്യാകിരണം പദ്ധതിയിലൂടെയും മേൽപ്പറഞ്ഞ രണ്ട് സ്കൂളിലും ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടസമുച്ചയങ്ങളും, അതോടൊപ്പം ജനകീയാസൂത്രണ പദ്ധതിയിലൂടെ മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായി. മൂർക്കനിക്കര ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിടത്തോട് ചേർന്ന് നിർമ്മിച്ച ഓഡിറ്റോറിയം കലാസാംസ്കാരിക പരിപാടികളും, പ്രധാന മീറ്റിങ്ങുകളും നടത്തുന്ന വേദിയായി മാറിയതോടൊപ്പം തന്നെ കബഡി, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ് മത്സരങ്ങൾ നടത്താൻ കഴിയുന്ന ഫ്ളഡ് ലൈറ്റോടു കൂടിയ ഇൻഡോർ സ്പോർട്ട്സ് സെന്ററുമാണ്. എം.എൽ.എ.യുടെ ആസ്തി വികസനഫണ്ടും, കായിക വകുപ്പിന്റെ ഫണ്ടും ഉപയോഗിച്ച് മൂർക്കനിക്കര ഗവൺമെന്റ് യു.പി. സ്കൂൾ ഗ്രൗണ്ടിൽ നിർമ്മിക്കുന്ന മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണവും കൊഴുക്കുള്ളിയിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ പൂർത്തീകരണവും അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വലിയ പിന്തുണയും പ്രോത്സാഹനവും

നൽകുന്ന പഞ്ചായത്ത് കഴിഞ്ഞ വർഷവും ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ കേരളോത്സവത്തിൽ സമീപ പഞ്ചായത്തുകളെ ബഹുദൂരം പിന്തള്ളി തുടർച്ചയായി ഓവർ ഓൾ കിരീടം സ്വന്തമാക്കി.

പ്രാഥമികാരോഗ്യകേന്ദ്രം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തപ്പെട്ടതും, ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിൽ നിന്നും ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിൽ നിന്നും മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നതും, കുടുംബാരോഗ്യ കേന്ദ്രത്തിലെ ഈവനിംഗ് ഒ.പി.യും, സബ് സെന്ററുകളിൽ നിന്നുള്ള സേവനങ്ങളും, ഒപ്പം ആശാ വർക്കർമാരുടെയും മറ്റ് ആരോഗ്യവകുപ്പ് ഫീൽഡ് ജീവനക്കാരുടെ പ്രവർത്തനങ്ങളും ആരോഗ്യ മേഖലയുടെ വളർച്ചയിലെ നിർണായക കാൽവെപ്പുകളാണ്.

ജലസമൃദ്ധമായ മണലിപ്പുഴയും നിരവധി കുളങ്ങളും തോടുകളും കൊണ്ട് ജലസമ്പുഷ്ടമായ പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നത് പരിഹരിക്കുവാൻ ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്നതോടെ സാധിക്കുന്നതാണ്. സംസ്ഥാനത്തെ തന്നെ ഏറ്റവും മികച്ച സേവനം നൽകുന്ന ജലനിധിയായ നടത്തറ ശുദ്ധജല വിതരണ സമിതിയുടെ കീഴിൽ ആയിരക്കണക്കിന് വീടുകളിലേക്കാണ് ശുദ്ധജലം പൈപ്പുകൾ വഴി എത്തിക്കുന്നത്. ജലനിധി മുഖേന കൂടുതൽ കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കഴിഞ്ഞ ഭരണസമിതിയുടെ കാലഘട്ടത്തിൽ ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ മികച്ച നേട്ടങ്ങൾ കൈവരിച്ച മാലിന്യനിർമാർജന മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി പഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുവാൻ 2026-27ലും കൂടുതൽ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്ക് ലഭിക്കുന്ന യൂസർ ഫീ 100% എത്തിക്കൽ, പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്ത് അത്തരം സ്ഥലങ്ങളിൽ അലങ്കാരച്ചെടികൾ നട്ടുവളർത്തിയും പീപ്പിൾസ് പാർക്ക് നിർമ്മിച്ചും മനോഹരമാക്കൽ, ഓരോ വീടുകളിലും സ്ഥാപനങ്ങളിലും ബയോ കമ്പോസ്റ്റർ ബിന്നുകളിലൂടെയുള്ള ജൈവമാലിന്യ സംസ്കരണം, ജൈവവളം ഉപയോഗിച്ച് ഓരോ വീടുകളിലും ലഭ്യമായ സ്ഥലങ്ങളിൽ അടുക്കളത്തോട്ടം എന്നീ പദ്ധതികൾക്ക് പഞ്ചായത്ത് വലിയ തോതിൽ മുൻതൂക്കം നൽകുന്നുണ്ട്.

കഴിഞ്ഞ ഭരണസമിതിയുടെ അവസാനവർഷം പ്രാവർത്തികമാക്കിയ അതിദാരിദ്ര്യ നിർമ്മാർജ്ജനം നിലനിർത്തുന്നതിനും, സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജനവും ഈ ഭരണസമിതിയുടെ കാലഘട്ടത്തിൽ പ്രാവർത്തികമാക്കുന്നതിനും സഹായകരമായ പദ്ധതികളാണ് 2026-27ലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ലൈഫ് മിഷൻ ഭവന പദ്ധതിയിലൂടെ വീടിന് അർഹരായ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് നൽകുക എന്ന വലിയ ലക്ഷ്യം ഇന്ന് പഞ്ചായത്തിന് മുന്നിലുണ്ട്. എന്നാൽ പഞ്ചായത്തിലെ ഭൂരഹിത – ഭവനരഹിതരെ പുനരധിവസിപ്പിക്കുക എന്നത് ശ്രമകരമായ ദൗത്യമാണ്. വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനും പഞ്ചായത്ത് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

സമൂഹത്തിൽ ഏറ്റവും അവശത അനുഭവിക്കുന്ന ഭിന്നശേഷിക്കാരുടെയും വയോജനങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിരവധി ജനക്ഷേമ പദ്ധതികൾ 2026-27 ലേക്ക് ആവിഷ്കരിച്ചിട്ടുണ്ട്. ഈ വിഭാഗക്കാർക്കായിട്ടുള്ള മെഡിക്കൽ ക്യാമ്പോട് കൂടി വിതരണം ചെയ്യുന്ന സഹായ ഉപകരണങ്ങൾ, വയോജനങ്ങൾക്കുള്ള കട്ടിൽ

മുതലായ പദ്ധതികൾക്ക് മുൻകാലങ്ങളിലെ പോലെ മുൻതൂക്കം നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സ്പർശം ബഡ്സ് സ്കൂൾ ഭിന്നശേഷിക്കാർക്കുള്ള പ്രധാന ആശ്രയ കേന്ദ്രമാണ്. 25ൽപരം കുട്ടികൾ പഠിക്കുന്ന ബഡ്സ് സ്കൂൾ സേവനമികവിൽ സംസ്ഥാനത്തെ തന്നെ ഏറ്റവും മികച്ച സ്കൂളുകളിൽ ഒന്നായി മാറിയിരിക്കുന്നു. വിജ്ഞാനവും വിനോദവും നൽകുന്നതോടൊപ്പം വരുമാനമാർഗം എന്ന നിലയിൽ നിരവധി തൊഴിൽ സംരംഭ പ്രവർത്തനങ്ങളിലും മുന്നിട്ടുനിൽക്കുന്നു. വയോജനങ്ങൾക്കായി ഒരുക്കിയ പകൽവീട് പൂർണ്ണമായ തോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ എല്ലാം ഒരുക്കങ്ങളും പൂർത്തിയായി കഴിഞ്ഞു.

നാളത്തെ പൗരന്മാരായ ഇന്നത്തെ കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയാണ് അംഗൻവാടികൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളിൽ പ്രധാനം. ഇന്ന് പഞ്ചായത്തിൽ ആകെയുള്ള 30 അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടമുണ്ട്. സ്വന്തമായി കെട്ടിടം ഇല്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന കൂട്ടാല അംഗൻവാടിക്ക് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മനോഹരമായ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചപ്പോൾ, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ പരിമിതമായ സ്ഥലസൗകര്യത്തിൽ പ്രവർത്തിക്കുന്ന പോലൂക്കര അംഗൻവാടിക്ക് പോലൂക്കരയിൽ തന്നെ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ പുതിയ കെട്ടിടം നിർമ്മിച്ചുകഴിഞ്ഞു. കുട്ടികളുടെ ശാരീരിക വളർച്ചയ്ക്ക് സഹായകരമായ ഏറ്റവും മികച്ച പോഷകാഹാരങ്ങൾ അംഗൻവാടികളിൽ വിതരണം ചെയ്യുന്നതിനോടൊപ്പം, അവരുടെ മാനസിക വളർച്ചയെ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ കളിഉപകരണങ്ങളും മറ്റ് സാമഗ്രികളും എല്ലാ അംഗൻവാടികളിലും ലഭ്യമാക്കി.

ജനസംഖ്യയിൽ 50%ൽ അധികം വരുന്ന സ്ത്രീകളുടെ ഉന്നമനത്തിനും അവർക്കിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സഹായകരമായ പദ്ധതികളാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിലെ സ്ത്രീകളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ മുഖ്യപങ്കു വഹിച്ച കുടുംബശ്രീ സംവിധാനം പ്രവർത്തന മികവുകൊണ്ട് സംസ്ഥാനത്തെ തന്നെ ഏറ്റവും മികച്ച കുടുംബശ്രീയായി മാറിയിട്ടുള്ളതും, വിവിധ മേഖലകളിൽ നിരവധി പുരസ്കാരങ്ങളും പാരിതോഷികങ്ങളും സ്വായത്തമാക്കിയിട്ടുള്ളതുമാണ്. നടത്തറ കുടുംബശ്രീ സി.ഡി.എസിന് കീഴിലുള്ള നിരവധി മൈക്രോ ഫിനാൻസ് ഗ്രൂപ്പുകൾ, നിരവധി ചെറുകിട വ്യവസായ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. നിത്യോപയോഗ സാധനങ്ങളോടൊപ്പം മികച്ച സാങ്കേതികവിദ്യ ആവശ്യമായ പല ഇലക്ട്രോണിക് സാധനങ്ങളും പഞ്ചായത്തിലെ വിവിധ കുടുംബശ്രീ യൂണിറ്റുകൾ ഉത്പാദിപ്പിച്ച് പൊതുമാർക്കറ്റിൽ ലഭ്യമാക്കുന്നുണ്ട്. കുടുംബശ്രീയുടെ കീഴിലുള്ള നിരവധി ജെ.എൽ.ജി.കൾ പഞ്ചായത്തിലെ പല തരിശുസ്ഥലങ്ങളും കാർഷികവിളകൾ നിറഞ്ഞ തോട്ടങ്ങളാക്കി മാറ്റിയിട്ടുണ്ട്. കുടുംബശ്രീയുടെ കീഴിലുള്ള നടത്തറയിലെ ജനകീയ ഹോട്ടൽ കുറഞ്ഞ ചെലവിൽ നിരവധി ആളുകളുടെ വിശപ്പ് മാറ്റുന്ന ജനകീയ ഭക്ഷണശാലയാണ്.

പഞ്ചായത്തിൽ നിന്നുള്ള എല്ലാ സേവനങ്ങളും ഓൺലൈനായി കെ. സ്മാർട്ട് സോഫ്റ്റ് വെയർ മുഖേനയാണ് നൽകുന്നത്. സുതാര്യത ഉറപ്പുവരുത്തി സമയബന്ധിതമായി സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും പരിശ്രമിച്ചു വരുന്നു. സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനോടൊപ്പം പഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി,

തൊഴിൽ നികുതി, ലൈസൻസ് ഫീസ്, ഷോപിംഗ് കോംപ്ലക്സ് വാടക എന്നിവ 100%. അതാതു സാമ്പത്തിക വർഷം പിരിച്ചെടുക്കുന്നതിനും, പഞ്ചായത്തിന് ലഭിക്കുന്ന വികസന ഫണ്ടും, മെയിന്റനൻസ് ഫണ്ടും, സി.എഫ്.സി. ഗ്രാൻഡും, മറ്റു ഗ്രാൻഡുകളും ലാപ്സ് ആകാതെ സമയബന്ധിതമായി ചെലവഴിച്ച്, വികസനനേട്ടങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് പഞ്ചായത്ത് പ്രത്യേക ശ്രദ്ധ ചെലുത്തി വരുന്നുണ്ട്.

സാമ്പത്തികമായി പിന്നിൽ നിൽക്കുന്ന 5,000-ൽപരം ഗുണഭോക്താക്കൾക്ക് എല്ലാ മാസവും വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നുണ്ട്. പുതിയതായി ആരംഭിച്ച സ്ത്രീ സുരക്ഷാ പദ്ധതി പ്രകാരമുള്ള ആനുകൂല്യം സ്ത്രീ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട്. വർഷങ്ങൾക്കു മുൻപ് ലഭിച്ച ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ മികവാർന്ന പ്രവർത്തനങ്ങളിലൂടെ പഞ്ചായത്ത് തുടർച്ചയായി നിലനിർത്തി പോരുന്നുണ്ട്.

സാമൂഹികമായും സാമ്പത്തികമായും പിന്നിൽ നിൽക്കുന്ന പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ടാണ് പ്രത്യേക ഘടക പദ്ധതിയിൽ, പദ്ധതികൾ ആവിഷ്കരിച്ച് നടപിലാക്കിയിട്ടുള്ളത്. ലൈഫ് മിഷൻ ഭവനപദ്ധതി പ്രകാരം വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് നൽകൽ, വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ എന്നീ പദ്ധതികൾക്ക് പുറമെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, മെറിറ്റോറിയസ് സ്കോളർഷിപ്പ്, പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം എന്നീ പദ്ധതികളും ലക്ഷ്യപൂർത്തീകരണത്തിനായി 2026-27ലും ആവിഷ്കരിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ പ്രധാന പട്ടികജാതി സങ്കേതങ്ങളിലെല്ലാം തന്നെ സാംസ്കാരിക കേന്ദ്രങ്ങൾ ഒരുക്കിയിട്ടുള്ളതും, ഒപ്പം സങ്കേതങ്ങളിൽ റോഡ്, തെരുവിളക്ക്, കുടിവെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളതുമാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ വളരെ കുറവായ പട്ടികവർഗ്ഗ വിഭാഗക്കാർ പൊതുവെ സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ഉള്ളവരല്ലാത്തതും മെച്ചപ്പെട്ട ജീവിതനിലവാരത്തിൽ കഴിയുന്നവരും ആണ്. പഞ്ചായത്തിലെ ഏക പട്ടികവർഗ്ഗ സങ്കേതമായ ഞാറക്കുറ പട്ടികവർഗ്ഗ സങ്കേതത്തിൽ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ സാംസ്കാരികനിലയവും ഒരുക്കിയിട്ടുണ്ട്.

റോഡ്, തെരുവുവിളക്ക്, പൊതുകെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുന്ന പശ്ചാത്തല മേഖലയിൽ പഞ്ചായത്ത് ശ്രദ്ധേയമായ നേട്ടങ്ങളാണ് കഴിഞ്ഞ കാലങ്ങളിൽ പ്രാപ്തമാക്കിയിട്ടുള്ളത്. പ്രവർത്തനരഹിതമാകുന്ന എല്ലാ തെരുവുവിളക്കുകളും സമയബന്ധിതമായി റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതോടൊപ്പം, നിലവിൽ സ്ട്രീറ്റ് മെയിൻ ഇല്ലാത്ത പ്രദേശങ്ങളിൽ മുൻഗണനാടിസ്ഥാനത്തിൽ സ്ട്രീറ്റ് മെയിൻ നീട്ടി തെരുവിളക്കുകൾ സ്ഥാപിച്ചുവരുന്നു. പഞ്ചായത്തിലെ എല്ലാ പ്രധാന റോഡുകളിലും കൂടുതൽ പ്രകാശമാർന്ന പുതിയ എൽ.ഇ.ഡി. സെറ്റുകൾ സ്ഥാപിച്ചു. ബഹു. റവന്യൂ - ഭവനനിർമ്മാണ വകുപ്പ് മന്ത്രിയും എം.എൽ.എ.യുമായ അഡ്വ. കെ രാജന്റെ ആസ്തിവികസന ഫണ്ടിൽ നിന്നും പഞ്ചായത്തിലെ എല്ലാ പ്രധാന കേന്ദ്രങ്ങളിലും ഹൈമാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റുകൾ ഒരുക്കിയിട്ടുണ്ട്.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം റോഡുകളും നിലവിൽ സഞ്ചാരയോഗ്യമാണ്. റോഡുകളുടെ സുരക്ഷയ്ക്ക് ആവശ്യമായ കാനകൾ റോഡിന് ഇരുവശത്തും നൽകുന്നുണ്ട്. [illegible]തി കുറവുള്ള റോഡുകൾ കോൺക്രീറ്റ് ചെയ്തും, ടൈൽ വിരിച്ചും ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന പൊതുമരാമത്ത് വകുപ്പ് റോഡുകളെല്ലാം തന്നെ

ബി.എം.ബി.സി. നിലവാരത്തിൽ പുനർനിർമ്മിച്ചു. നടത്തറ – മൂർക്കനിക്കര – കണ്ണാറ റോഡ് എഫ്.ഡി.ആർ. നിലവാരത്തിൽ പുനർനിർമ്മിക്കുന്ന പ്രവർത്തി തുടർന്നുവരുന്നു.

പഞ്ചായത്തിലെ ജനങ്ങളുടെ ചിരകാലസ്വപ്നമായ നടത്തറയിലെ എ. എം. പരമൻ സ്മാരക കമ്മ്യൂണിറ്റി ഹാൾ പ്രവർത്തനസജ്ജമായിട്ടുള്ളതും, അതിലേക്കാവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കിയിട്ടുള്ളതുമാണ്. കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുന്നതിനായി ബൈലോ തയ്യാറാക്കിയിട്ടുള്ളതും, ബൈലോക്ക് അംഗീകാരം ലഭിക്കുന്നതോടെ കമ്മ്യൂണിറ്റി ഹാൾ ജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്നതുമാണ്.

പഞ്ചായത്തിലെ കൂട്ടാല ചവറാംപാടം പ്രദേശങ്ങളെ പരസ്പരം ബന്ധിക്കുന്നവിധം മണലിപ്പുഴയ്ക്ക് കുറുകെ നിർമ്മിച്ച ശ്രീധരിപാലം യാഥാർത്ഥ്യമായതോടെ പഞ്ചായത്തിലെ ജനങ്ങളുടെ ദീർഘകാല സ്വപ്നമാണ് സാക്ഷാത്കരിക്കപ്പെട്ടത്. ശ്രീധരിപാലത്തോട് ചേർന്നുള്ള അനുബന്ധ റോഡ് ജനസഭ ശ്രദ്ധയാകർഷിച്ച ഗതാഗത മാർഗ്ഗമായി മാറിക്കഴിഞ്ഞു. പഞ്ചായത്തിലെ മെഗാ പ്രോജക്ട് എന്ന് വിശേഷിപിക്കാവുന്ന കൈനൂർ ചിറ സ്ലൂയിസ് കം റെഗുലേറ്റർ ബ്രിഡ്ജിന്റെ നിർമ്മാണം അതിവേഗം പുരോഗമിക്കുന്നു.

തൃശ്ശൂർ നഗരത്തോട് വളരെ അടുത്തു കിടക്കുന്നതുമൂലം, നഗരവൽക്കരണം അതിവേഗം പടരുന്ന പഞ്ചായത്തിൽ ഒട്ടനവധി പ്രതിസന്ധികളും വെല്ലുവിളികളും നേരിട്ടാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുന്നോട്ടുപോകുന്നത്. എങ്കിലും പ്രസ്തുത പദ്ധതിയിൽ രണ്ടു കോടിയിലധികം തൂക ചെലവഴിച്ച്, പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിലൂടെ നിരവധി ആസ്തികളാണ് സൃഷ്ടിച്ചെടുത്തിട്ടുള്ളത്.

ബജറ്റ് 2026 – 27 അവതരണം

ശ്രീമതി ഷീന പൊറ്റെക്കാട്ട് (വൈസ് പ്രസിഡണ്ട്)

ഈ ഭരണസമിതി അധികാരത്തിൽ വന്ന ശേഷമുള്ള ആദ്യ ബജറ്റ് ആണ് ഇന്ന് അവതരിപ്പിക്കുന്നത്. 2026-27 വർഷത്തേക്കുള്ള ജനകീയാസൂത്രണ പദ്ധതി – വർക്കിംഗ്ഗ്രൂപ്പ് യോഗം, ഗ്രാമസഭകൾ, വികസന സെമിനാർ എന്നിവ പൂർത്തിയാക്കിയ ശേഷം തയ്യാറാക്കി, ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുകയും, 27-2-2026 ലെ ജില്ലാ ആസൂത്രണ സമിതി, പഞ്ചായത്തിന്റെ 2026-27ലെ വാർഷിക പദ്ധതി അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

ബജറ്റ് തയ്യാറാക്കുവാൻ ചുമതലപ്പെട്ട ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി നടപ്പുവർഷത്തേക്ക് കഴിഞ്ഞ ഭരണസമിതി തയ്യാറാക്കി അംഗീകരിച്ച ബജറ്റ്, നടപ്പുവർഷത്തെ വിവിധ ഹെഡ്ഡുകളിലെ നാളിതുവരെയുള്ള വരവുകളുടെയും ചെലവുകളുടെയും അടിസ്ഥാനത്തിൽ ഭേദഗതി ചെയ്ത്, ഭേദഗതി ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളതാണ്. പഞ്ചായത്തിന് ലഭ്യമാകുവാൻ സാധ്യതയുള്ള എല്ലാ തുകകളും ഉൾക്കൊള്ളിച്ച് വരവിൽ 100% ലക്ഷ്യം കൈവരിക്കുക എന്ന വ്യക്തമായ ഉദ്ദേശത്തോടെയും, അതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുമാണ് ബജറ്റിലെ വരവ് വിഭാഗം തയ്യാറാക്കിയിട്ടുള്ളത്. അതോടൊപ്പം ഓരോ ചെലവിനും ചിലവിനത്തിലെ ഹെഡ്ഡിലും യഥാർത്ഥത്തിൽ കാലാനുസൃതമായി ഉണ്ടാകുന്ന വർദ്ധനവ് ഉൾക്കൊള്ളിച്ച്, അനാവശ്യ ചെലവുകൾ ഒഴിവാക്കിയും, 2026-27ലേക്ക് ഉള്ള ജനകീയാആസൂത്രണ പദ്ധതിയിലെ എല്ലാ പ്രോജക്ടുകളുടെയും അടങ്കൽ തുകകൾ ബജറ്റിലെ ബന്ധപ്പെട്ട ഹെഡ്ഡുകളിൽ ഉൾക്കൊള്ളിച്ച്, സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ച ഓണറേറിയം, ശമ്പളം എന്നിവയിൽ ആവശ്യമായ വർദ്ധനവ് വരുത്തിയും, പദ്ധതി ചെലവുകൾ 100% ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ തിട്ടപ്പെടുത്തിയും ആണ് ബഡ്ജറ്റിലെ ചെലവ് ഭാഗം പൂർത്തീകരിച്ചിട്ടുള്ളത്. വരവിന് അനുസൃതമായി ചെലവുകൾ നിയന്ത്രിച്ച് തയ്യാറാക്കിയ 2026-27ലെ ബജറ്റിൽ രണ്ടു കോടിയോളം രൂപ നീക്കിയിരിപ് വരുത്തികൊണ്ടുള്ള മിച്ചബജറ്റാണ്.

ജനകീയാസൂത്രണ പദ്ധതിക്ക് സമാനമായി, പഞ്ചായത്തിലെ സമ്പദ്ഘടനയിൽ മുഖ്യപങ്കു വഹിക്കുന്ന കൃഷി ഉൾപ്പെടുന്ന ഉത്പാദന മേഖലക്കാണ് പ്രാമുഖ്യം നൽകിയിട്ടുള്ളതെങ്കിലും, ഗ്രാമസഭകൾ ഉൾപ്പെടെയുള്ള വിവിധ വേദികളിൽ ജനങ്ങൾ കൂടുതൽ ആവശ്യപ്പെടുന്ന പശ്ചാത്തല മേഖലയ്ക്കും പ്രത്യേക പ്രാധാന്യം നൽകി എല്ലാ വാർഡുകളിലെയും മൂന്നും നാലും റോഡുകൾ നവീകരിച്ച് ഗതാഗതയോഗ്യമാക്കുന്നതിന് ബജറ്റ് ഊന്നൽ നൽകുന്നു.

ഉൽപാദന വർദ്ധനവിനും, പശ്ചാത്തല സൗകര്യ വികസനത്തിനും പ്രാധാന്യം നൽകുന്നതോടൊപ്പം ദാരിദ്ര്യ നിർമാർജനത്തിനും, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗക്കാരുടെ ഉന്നമനത്തിനും സഹായകരമായ നിരവധി ജനക്ഷേമ പദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജനക്ഷേമ പദ്ധതികളിൽ മുൻതൂക്കം നൽകിയിട്ടുള്ളത് ലൈഫ് മിഷൻ ഭവന പദ്ധതിക്കാണ്. ജനകീയാസൂത്രണ പദ്ധതിക്ക് സമാനമായി ബജറ്റും പഞ്ചായത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും എല്ലാ പ്രദേശങ്ങളുടെയും വളർച്ച ലക്ഷ്യമിടുന്നു.

സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവരും, ഒട്ടേറെ ക്ലേശഘടകങ്ങളാൽ ബുദ്ധിമുട്ടുന്നവരുമായ ഭിന്നശേഷിക്കാർ, വയോജനങ്ങൾ, പാലിയേറ്റീവ് രോഗികൾ, വനിതകൾ, ശിശുക്കൾ, പട്ടികജാതി വിഭാഗക്കാർ, പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സഹായകരമായ നിരവധി പദ്ധതികളാണ് 2026-27ൽ ആവിഷ്കരിച്ചിട്ടുള്ളത്.

കൂടാതെ പഞ്ചായത്തിന്റെ അധീനതയിലുള്ള മൂർക്കനിക്കര ഗവ. യു.പി. സ്കൂളിന്റെയും, ആശാരിക്കാട് ഗവ. യു.പി. സ്കൂളിന്റെയും വികസനത്തിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുള്ള ബജറ്റിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും മുൻതൂക്കം നൽകുന്നു.

പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ പതിപ്പിച്ച്, യഥേഷ്ടം ആസ്തി വികസന ഫണ്ടിൽ നിന്നും ഫണ്ട് അനുവദിച്ച നമ്മുടെ പ്രിയങ്കരനായ റവന്യൂ – ഭവനനിർമാണ വകുപ്പ് മന്ത്രിയും എം.എൽ.എ.യും ആയ അഡ്വ. കെ. രാജൻ, സംസ്ഥാന സർക്കാരിന്റെ നിരവധി ബൃഹദ് പദ്ധതികളാണ് കഴിഞ്ഞ കാലഘട്ടങ്ങളിൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. മണലിപ്പുഴയ്ക്ക് കുറുകെ പഞ്ചായത്തിലെ രണ്ടു വാർഡുകളെ മാത്രമല്ല, രണ്ട് പഞ്ചായത്തുകളെയും തമ്മിൽ ബന്ധിപ്പിച്ച ശ്രീധരിപാലം, മണലിപ്പുഴയിലെ പണ്ടാരച്ചിറ ചെക്ക് ഡാം, മണലിപ്പുഴയിലെ മാലിന്യങ്ങൾ നീക്കം ചെയ്യൽ പദ്ധതി, കൂട്ടാല അംഗൻവാടി കെട്ടിടം, പകൽവീട്, ആശാരിക്കാട് ഗവ. യു.പി. സ്കൂൾ കെട്ടിടം, നിരവധി ഹൈമാസ്റ്റ് ലൈറ്റുകൾ, പൂച്ചട്ടി – കൊഴുക്കുള്ളി – മുളയം റോഡ് ബി.എം.ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം, പൂച്ചട്ടി – ഇരവിമംഗലം റോഡ് ബി.എം.ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം, പോലൂക്കര അംഗൻവാടി കെട്ടിടം എന്നീ ജനപ്രിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങൾക്ക് സമർപ്പിച്ചപ്പോൾ കൈനൂർചിറ സ്ലൂയിസ് കം റെഗുലേറ്റർ ബ്രിഡ്ജ്, മൂർക്കനിക്കര ഗവൺമെൻറ് യു.പി. സ്കൂൾ മിനി സ്റ്റേഡിയം, നടത്തറ – മൂർക്കനിക്കര – കണ്ണാറ റോഡ് ആധുനിക നിലവാരത്തിൽ പുനരുദ്ധാരണം എന്നീ പ്രവർത്തികൾ അതിവേഗം പുരോഗമിക്കുന്നു.

ഇതിനുപുറമെ സർക്കാർ ബജറ്റിൽ ഉൾക്കൊള്ളിച്ച് രണ്ടുകോടിയുടെ ആശാരിക്കാട് ഗവ. യു.പി. സ്കൂൾ കളിസ്ഥലം ഒരുക്കൽ, പത്തു കോടിയുടെ പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം എന്നിവ പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റുവാൻ പ്രാപ്തമായ പദ്ധതികളാണ്.

സംസ്ഥാനത്തെ തന്നെ ഏറ്റവും മികച്ച കുടുംബശ്രീ എന്ന പദവി നിരവധി തവണ പല അവസരങ്ങളിലും ലഭിച്ച നടത്തറ കുടുംബശ്രീ സി.ഡി.എസ്–ന്റെ കീഴിലുള്ള മൈക്രോ എന്റർപ്രൈസസ് ഗ്രൂപ്പുകളുടെയും, ജെ.എൽ.ജി–കളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായകരമായ പദ്ധതികളും, വാർഷിക പദ്ധതിയിലൂടെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പഞ്ചായത്തിന് സമീപത്ത് പുത്തൂരിൽ ആരംഭിക്കുന്ന തൃശ്ശൂർ സുവോളജിക്കൽ പാർക്ക് കുടുംബശ്രീ പ്രവർത്തകരുടെ തൊഴിൽ സംരംഭങ്ങൾക്ക് വലിയ തോതിൽ ഊർജ്ജം നൽകുന്നതിന് സാധ്യതയുള്ളതാണ്. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായ വിവിധ ശുചീകരണ പ്രവർത്തനങ്ങൾക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കും ബജറ്റ് പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച കൊഴുക്കുള്ളി ഇൻഡോർ സ്റ്റേഡിയവും, നിർമ്മാണം പുരോഗമിക്കുന്ന മൂർക്കനിക്കര ഗവൺമെന്റ് യു.പി. സ്കൂൾ മിനി സ്റ്റേഡിയവും പഞ്ചായത്തിലെ കായിക താരങ്ങളുടെ ഭാവിയിലെ വളർച്ചയ്ക്ക് ശ്രദ്ധേയമായ സംഭാവനകൾ നൽകുവാൻ സഹായകരമായ രീതിയിൽ ആവിഷ്കരിച്ചിട്ടുള്ള സ്പോർട്സ് കേന്ദ്രങ്ങളാണ്.

പഞ്ചായത്തിന്റെ സമഗ്ര വളർച്ചയ്ക്കും സാമ്പത്തിക ഉന്നമനത്തിനും, ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും, ദാരിദ്ര്യവും തൊഴിലില്ലായ്മയും നിർമാർജനം ചെയ്യുന്നതിനും ഊന്നൽ നൽകി എല്ലാ മേഖലകളിലും വികസനം ഉറപ്പാക്കിക്കൊണ്ട് തയ്യാറാക്കിയ ഈ കരട് ബഡ്ജറ്റ് വിശദമായ ചർച്ചയ്ക്കും വിലയിരുത്തലിനും നിർദ്ദേശങ്ങൾക്കും ആയി സമർപ്പിക്കുന്നു

നടത്തറ ഗ്രാമ പഞ്ചായത്ത്

നടത്തറ ഗ്രാമ പഞ്ചായത്തിൻറെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിൽ കാർഷിക വികസനം , ദാരിദ്ര ലഘൂകരണം , പശ്ചാത്തല വികസനം , ലൈഫ് ഭവന പദ്ധതി , ആരോഗ്യം, വിദ്യാഭ്യാസം, മാലിന്യ മുക്ത നവ കേരളം തുടങ്ങിയ വിവിധ മേഖലകളെ ലക്ഷ്യമിട്ട് വകയിരുത്തലുകള് നടത്തിയിട്ടുണ്ട്.

ബജറ്റ് തുകകൾ ഒറ്റനോട്ടം

മുൻബാക്കി (2025-26)	**1,94,50,791**
തനത് നികുതി വരവ്	1,42,00,000
തനത് നികുതിയേതര വരവ്	1,62,53,600
ആകെ തനത് ഫണ്ട്	3,04,53,600
ജനറൽപർപ്പസ് ഫണ്ട്	2,70,61,000
ആകെ തനത് വരുമാനം	5,75,14,600
റവന്യൂ ഗ്രാന്റ് പദ്ധതി ചെലവുകൾക്ക് (MGNREGS ഉൾപ്പെടെ)	13,48,44,466
റവന്യൂ ഗ്രാന്റ് പദ്ധതിയേതര ചെലവുകള് (പെൻഷന് മുതലായവ)	9,25,94,000
ആകെ റവന്യൂ വരവ്	28,94,83,066
മൂലധന വരവ് (വായ്പ)	--
ആകെ വരവും പ്രാരംഭ ബാക്കിയും	30,89,33,857
റവന്യൂ ചെലവുകൾ (അനിവാര്യം)	4,54,60,000
റവന്യൂ ഗ്രാന്റ് പദ്ധതി ചെലവ്	12,84,50,870
റവന്യൂ ഗ്രാന്റ് പദ്ധതിയേതര ചെലവുകള്	14,84,50,870
വായ്പാ തിരിച്ചടവ്	--
ആകെ റവന്യൂ ചെലവുകൾ	**29,10,34,870**
നീക്കി ബാക്കിയിരിപ്പ്	**1,78,98,987**

മേഖല വിഭജനം - 2026-27

ഉൽപാദന മേഖല	1,43,72,334
സേവന മേഖല	5,90,01,320
പാശ്ചാത്തല മേഖല	10,81,96,854
മേഖല വിഭജനത്തിൽ പെടാത്തത്	
പട്ടിക ജാതി	80,50,000
പട്ടിക വർഗ്ഗം	4,20,000
സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം	67,97,500
ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ ക്ഷേമം	14,25,000
ശുചിത്വ മാലിന്യ പരിപാലനം	47,50,000
വൃദ്ധജന സംരക്ഷണം	21,36,000
തൊഴിലുറപ്പ്	2,00,00,000
ഭവന നിർമ്മാണം (ലോൺഉൾപ്പെടെ)	2,32,00,000
ആസ്തി വികസനം	3,48,23,200

2026-27വാർഷിക ബജറ്റ് പ്രതീക്ഷിത വരവുകൾ(പ്രധാന ഹെഡുകൾ

ക്രമ നം	ഇനം	തുക (രൂപയിൽ)
1	വസ്തു നികുതി	1,00,00,000
2	തൊഴിൽ നികുതി	32,00,000
3	വാടക	33,00,000
4	മറ്റു ഫീസുകൾ	1,21,51,500
5	സെയിൽസ്	21,02,100
6	പലിശ വരുമാനം	20,00,000
7	ലൈഫ് മിഷൻ	60,12,500
8	ജനറൽ പർപ്പസ് ഫണ്ട്	2,70,61,000
9	തൊഴിലുറപ്പ് പദ്ധതി വരവ്	2,00,00,000
10	കേന്ദ്ര വിഹിതം (വിവിധ പദ്ധതികൾ)	25,00,000
11	വികസന ഫണ്ട് ജനറൽ	3,54,32,000
12	എസ് സി പി	60,01,000
13	ടി എസ് പി	3,96,000
14	ധനകാര്യ കമ്മീഷൻ വരവ് (സിഎഫ് സി)	1,02,40,000

15	ലോൺ (ലൈഫ്)	81,60,000
16	മെയിന്റനൻസ്ഗ്രാന്റ് (റോഡ്)	1,83,60,000
17	മെയിന്റനൻസ്ഗ്രാന്റ് (റോഡ് ഇതരം)	1,27,36,000
18	സംസ്ഥാന ആവിഷ്കൃത പദ്ധതികൾ (പെൻഷൻ)	9,25,94,000
19	ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതം	87,25,,000
20	എം എൽ എ ഫണ്ട്	50,00,000

2026-27വാർഷിക ബജറ്റ് പ്രതീക്ഷിത ചെലവുകൾ(പ്രധാന ഹെഡുകൾ)

ക്രമ നം	ഇനം	തുക (രൂപയിൽ
1	ജീവനക്കാരുടെ ശമ്പളം	1,26,20,000
2	കൂലി (ദിവസവേതന അടിസ്ഥാനത്തിൽ)	16,00,000
3	ബോണസ്	1,00,000
4	ജീവനക്കാരുടെ യാത്രാ ബത്ത	4,77,000
5	ജീവനക്കാരുടെ ഹോണറേറിയം, സിറ്റിംഗ് ഫീസ്	15,00,000
6	ജനപ്രതിനിധികളുടെ വിവിധ ബത്തകൾ	5,41,000
7	ജീവനക്കാരുടെ പെൻഷൻകോൺട്രിബ്യൂഷൻ	15,50,000
8	മറ്റു ബത്തകൾ , അലവൻസുകൾ	5,41,000
9	ഓഫിസ് ചെലവുകൾ	30,45,000
10	വാർത്താ വിനിമയ ചെലവുകൾ	2,00,000
11	പ്രിന്റിംഗ്, സ്റ്റേഷനറി	5,30,000
12	ഇൻഷൂറൻസ് രജിസ്ട്രേഷൻ	30,000
13	ലീഗൽ എക്സ്പെൻസ്	85,000
14	മെമ്പർഷിപ്പ് വരി സംഖ്യ	5,000
15	മറ്റു ഭരണ ചെലവുകൾ	5,50,000
16	വൈദ്യുതി ചാർജ്ജ് (സ്ട്രീറ്റ് ലൈറ്റ് മുതലായവ)	35,00,000
17	ഡീസൽ ചാർജ്ജ്	6,00,000
18	വാട്ടർചാർജ്ജ് സ്ട്രീറ്റ് ടാപ്പ്	12,00,000
19	റിപ്പയറിംഗ് , മെയിന്റനൻസ് (ബിൽഡിംഗ് വാഹനം മുതലായവ)	14,50,000
20	വഴിയോരത്ത് പാർക്ക് സജ്ജീകരണം	15,00,000
21	തെരുവ് നായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിന്	10,00,000
22	റിക്രീയേഷൻ സെന്ററിൽ വനിതകൾക്ക് ജിംനേഷ്യം , സുംബ	15,00,000
23	വാഹനം , തെരുവ് വിളക്ക് , ആസ്തി സംരക്ഷണം ഉൾപ്പെടെ	36,00,000

ജനകീയാസൂത്രണം 2026-27 വിവിധ മേഖലകൾക്ക് വകയിരുത്തിയ തുക	
മേഖല	തുക
കൃഷി	4550516
മൃഗസംരക്ഷണം	3034000
വിദ്യഭ്യാസം	44500000
പാർപ്പിടം	856950000
സ്പോർട്ട്സ്	3300000
ശുചിത്വം	6800000

നടത്തറ ഗ്രാമ പഞ്ചായത്ത്

ബഡ്ജറ്റ് 2026-27 (കരട്)

പ്രാരംഭ ബാക്കി	19450791

BS1 OWN SOURCE REVENUE

BS 1 A TAX REVENUE (നികുതി വരുമാനം)

Head id	Head code	Account head	Account Heads in Malayalam	2026-27
1	1100101	Property Tax (General)	വസ്തു നികുതി	10000000
2	1100102	Service Cess u/rule 26	ചട്ടം 26 പ്രകാരമുള്ള സേവന ഉപനികുതി	1000000
3	1101001	Profession Tax – Employees	തൊഴിൽ നികുതി - ജീവനക്കാർ	2200000
4	1101002	Profession Tax - Traders/ Institutions	തൊഴിൽ നികുതി - വ്യാപാരികൾ/ സ്ഥാപനങ്ങൾ	1000000
ആകെ നികുതി വരുമാനം				14200000

BS 1 B NON TAX REVENUE (നികുതിയേതര വരുമാനം)

REVENUE FROM OWN SOURCES

Fees & User Charges

Head id	Head code	Account head	Account Heads in Malayalam	2026-27
1	1301001	Rent from Bullings	കെട്ടിടങ്ങളിൽ നിന്നുള്ള വാടക	1800000
2	1301001	Rent From Halls $ Auditorium	ഹാൾ/ ഓഡിറ്റോറിയം എന്നിവയിൽ നിന്നുള്ള വാടക	1500000
3	1401001	Private Hospital & Paramedical Institutions Registration Fee	സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽസ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീ	25000
4	1401002	Tutorial College Registration Fee	ട്യൂട്ടോറിയൽ കോളേജുകളുടെ രജിസ്ട്രേഷൻ ഫീ	1000

5	1401101	License Fees for IFTEOS	ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീസ്	750000
6	1401106	License Fees for Domestic Dogs	വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ്	6000
7	1401199	Other Licensing Fees	മറ്റ് ലൈസൻസ് ഫീസുകൾ	5000
8	1401201	Fees for Construction of Buildings	കെട്ടിട നിർമ്മാണത്തിനുള്ള ഫീസ്	2500000
9	1401201	Fee For Erection Of Telecommunication Towers / Poles / Structures / Accessory rooms Etc	ടെലികമ്മ്യൂണിക്കേഷൻ ടവർ തൂണുകൾ മുതലായവക്ക് ഉള്ള ഫീസ്	30000
10	1401202	Fees for Installation of Machinery	യന്ത്രം സ്ഥാപിക്കുന്നതിനുള്ള ഫീസ്	3000
11	1401203	Permit Application fee	പെർമിറ്റ് അപേക്ഷാ ഫീസ്	300000
12	1401301	Fees for Birth & Death Certificate	ജനന മരണ സർട്ടിഫിക്കറ്റുകൾക്കുള്ള ഫീസ്	30000
13	1401302	Fees for Delayed Registration - Birth & Death	ജനന മരണം താമസിച്ചുള്ള രജിസ്ട്രേഷനുള്ള ഫീസ്	1000
14	1401303	Fees for Marriage Certificate	വിവാഹ സർട്ടിഫിക്കറ്റിനുള്ള ഫീസ്	20000
15	1401304	Fee for Marriage Registration	വിവാഹ രജിസ്ട്രേഷനുള്ള ഫീസ്	150000
17	1401399	Fees for Other Certificates or Extracts	മറ്റ് സർട്ടിഫിക്കറ്റുകൾക്കും പകർപ്പുകൾക്കുമുള്ള ഫീസുകൾ	50000
18	1401401	Fees under RTI Act	വിവരാവകാശനിയമപ്രകാരമുള്ള ഫീസ്	100000
19	1401501	Fee from Hoardings	പരാതിയിന്മേലുള്ള നിന്നുള്ള ഫീസ്	0
20	1401701	Regularization Fees	ക്രമവൽക്കരണ ഫീസ്	500000
21	1401801	Application Fee	അപേക്ഷാ ഫീസ്	250000
22	1402001	Penal Interest	പിഴപ്പലിശ	250000
23	1402002	Fines imposed by court (including P.F.A)	കോടതി ചുമത്തുന്ന പിഴകൾ	0
24	1402003	Other Penalities and Fines	മറ്റ് പിഴകളും ശിക്ഷകളും	200000

25	1402004	Compounding Fee	കോമ്പൗണ്ടിംഗ് ഫീ	0
26	1402005	Fine for Dumping Waste	മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ	500000
27	1404002	Notice Fees	നോട്ടീസ് ഫീസ്	100000
28	1404003	Warrant Fees	വാറണ്ട് ഫീസ്	1000
29	1404004	Ownership Change Fees - Fine	ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ് -പിഴ	300000
30	1404005	License Change Fees	ലൈസൻസ് മാറ്റുന്നതിനുള്ള ഫീസ്	10000
31	1404008	Delayed Registration Fees	താമസിച്ചുള്ള രജിസ്ട്രേഷൻ ഫീസ്	5000
32	1404009	Search Fees	തിരച്ചിൽ ഫീസ്	1500
33	1404099	Other Fees	മറ്റ് ഫീസുകൾ	2000
34	1405008	Receipts From Libraries	ലൈബ്രറി ഫീസ്	5000
35	1405012	Crematorium Fees	ശ്മശാന ഫീസുകൾ	2000000
36	1405099	Other User Charges	മറ്റ് ഉപയോഗങ്ങൾക്കുള്ള ഫീസുകൾ	2500
37	1407001	Road Cutting Charges	റോഡ് മുറിക്കുന്നതിനുള്ള ചാർജുകൾ	750000
38	1408001	Other charges	മറ്റു ചാർജ്ജസ്	1000
39	1501099	Receipts from Sale of Other Products	മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരവ്	2500
				12151500

BS 1 C Sale & Hire Charges

Head id	Head code	Account head	Account Heads in Malayalam	2026-27
1	1501101	Receipts from Sale of Forms	ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ്	100

2	1501102	Receipts from Sale of Tender Forms	ടെന്റർ ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ്	300000
3	1501201	Receipts from Sale of Stores	സ്റ്റോറുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ്	2000
4	1501202	Receipts from Sale of Scrap	ആക്രി വിൽപ്പനയിൽ നിന്നുള്ള വരവ്	600000
5	1501203	Receipts from auction of obsolete assets	കാലഹരണപ്പെട്ട ആസ്തികളുടെ ലേലത്തിൽ നിന്നുള്ള വരവ്	1000000
6	1503001	Receipts from Miscellaneous Sales	പലവക വിൽപ്പനകളിൽ നിന്നുള്ള വരവ്	200000
7	1711001	Interest from Bank Accounts	ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ	2000000
				4102100
		നികുതി നികുതിയേതര വരുമാനം ആകെ		30453600
		BS 2 ASSIGNED REVENUES AND GRANTS		
		BS 2 A (ജനറൽ പർപ്പസ് ഫണ്ട്)		
1	1601023	General Purpose Fund	ജനറൽ പർപ്പസ് ഫണ്ട്	27061000
		BS 2 B റവന്യൂ ഗ്രാന്റ് (പദ്ധതി വിഹിതം)		
Head id	**Head code**	**Account head**	**Account Heads in Malayalam**	**2026-27**
1	1601001	Development Fund - General	വികസനഫണ്ട് - ജനറൽ	35432000
2	1601002	Development Fund - Special Component Plan	വികസനഫണ്ട് - പ്രത്യേക ഘടക പദ്ധതി	6001000
3	1601003	Development Fund - TSP	വികസനഫണ്ട് - ടി	396000
4	1601021	Maintenance Fund - Road Assets	മെയിന്റനൻസ് ഫണ്ട് - റോഡ്	18360000
5	1601022	Maintenance Fund - Non-Road Assets	മെയിന്റനൻസ് ഫണ്ട് - റോഡിതരം	12736000

6	1602005	Central Finance Commission - Basic Grant	കേന്ദ്ര ധനകാര്യ കമ്മീഷൻ - ബേസിക്	4096000
7	1602006	Central Finance Commission - Tied Grant	കേന്ദ്ര ധനകാര്യ കമ്മീഷൻ - ടൈഡ്	6144000
8	1603002	Beneficiary Contribution	ഗുണഭോക്തൃ വിഹിതം	3431966
9	1604001	Contribution towards Joint Venture Projects from District Panchayat	സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ജില്ലാപഞ്ചായത്തിൽ നിന്ന്	2850000
10	1604002	Contribution towards Joint Venture Projects from Block Panchayat	സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ബ്ലോക്ക് പഞ്ചായത്തിൽ നിന്ന്	8725000
11	1602037	Mahatma Gandhi National Rural Employment Scheme (MGNREGS)	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	20000000
12	1602019	Intergrated Child Development Service	സംയോജിത ശിശു വികസന പദ്ധതി	2500000
14	3305003	Loan KURDFC	വായ്പ	8160000
15	3202021	Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission	പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും- സംസ്ഥാനാവിഷ്കൃത പദ്ധതികളും വികസന ഫണ്ടും ഒഴികെ - ലൈഫ് മിഷൻ	6012500
	ആകെ പദ്ധതി വിഹിതം (എം.ജി.എൻ.ആർ.ഇ.ജി.എസ്. ഉൾപ്പെടെ			134844466

BS 2 C റവന്യൂ ഗ്രാന്റ് (ക്ഷേമ പെൻഷനുകൾക്ക്

Head id	Head code	Account head	Account Heads in Malayalam	2026-27
1	1601010	Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers	ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - കർഷകതൊഴിലാളികൾക്കുള്ള പെൻഷൻ	4200000

2	1601012	Fund for Transferred Functions/ Schemes - Widow Pension	ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വിധവപെൻഷൻ	24000000
3	1601013	Fund for Transferred Functions/ Schemes - Pension for Unmarried women aged above 50	ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ	4600000
4	1601014	Fund for Transferred Functions/ Schemes - Pension for Differentially Abled	ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - ശാരീരിക മാനസിക ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ	5500000
5	1601016	Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage	ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	150000
6	1601018	Fund for Transferred Functions/ Schemes - Old Age Pension	ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വാർദ്ധക്യകാല പെൻഷൻ	42000000
7	1601080	Fund for Transferred Functions/ Schemes - STHREE SURAKSHA Pension	ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - സ്ത്രീ സുരക്ഷ പെൻഷൻ	12144000
		ക്ഷേമ പെൻഷനുകൾക്കുള്ള ഗ്രാന്റ് വരവ് ആകെ		**92594000**

BS 3 LOANS,DEPOSITS,ADVANCES

Head id	Head code	Account head	Account Heads in Malayalam	2026-27
1	3305003	Loan from K.U.R.D.F.C	കെയുആർഡിഎഫ് സിയിൽ നിന്നുള്ള വായ്പകൾ	0
2	3504101	Advance Collection of Revenues	വരുമാനത്തിന്റെ മുൻകൂർ ശേഖരണം	0
3	4315002	Receivables from Government (redemption amount)	സർക്കാരിൽ നിന്നും കിട്ടുന്നത് (റിഡംപ്ഷൻ ഏമൗണ്ട്)	0
4	4605002	Advance to Implementing Agencies	നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂറുകൾ	0

5	4605003	Advance to Implementing Officers	നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂറുകൾ	200000
6	4605004	Temporary Advances for Official Purposes	ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള താൽക്കാലിക മുൻകൂറുകൾ	10000
7	4605005	Advance to Mahatma Gandhi NREGS/ AUEGS	മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ	850000
8	4605006	Advance to Allied Institutions	ഘടകസ്ഥാപനങ്ങൾക്കുള്ള മുൻകൂർ	2500000
9	4605099	Advance to Others	മറ്റുള്ളവർക്കുള്ള മുൻകൂർ	500000
		TOTAL OF LOANS, DEPOSITS AND ADVANCES		**4060000**

BS 4 RECOVERIES (റിക്കവറികൾ)

Head id	Head code	Account head	Account Heads in Malayalam	2026-27
1	2801001	Prior Period Income	മുൻകാല വരവുകൾ	320000
2	2801002	Prior Period Income - Recovery of Unutiltzed Grants/ Funds	മുൻകാല വരവുകൾ- ഉപയോഗിക്കാത്ത ഗ്രാന്റുകളും ഫണ്ടുകളും തിരികെ ലഭിച്ചവ	150000
				470000

BS 5 അഡ്മിനിസ്ട്രേറ്റീവ് & എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ

എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ

